മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങയുടെ സമയം കഴിഞ്ഞു. Your time is over. Are you concluding today?

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : I will continue.

Mr. Deputy Speaker : You can continue next time.

(ചർച്ച തുടരും)

(7) 2003-ലെ കേരള പാരമ്പര്യ കലാ പ്രവർത്തക ക്ഷേമനിധി ബിൽ

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, 2003-ലെ കേരള പാരമ്പര്യ കലാ പ്രവർത്തക ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ : സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ) : സർ, ഇത് വളരെ വിഷമത്തോടുകൂടിയാണെങ്കിലും ഞാൻ എതിർക്കുകയാണ്. ഈ ബില്ലിന്റെ പ്രസക്തി ഇല്ല എന്നുള്ളതാണ് കാരണം. നമ്മുടെ സംസ്ഥാനത്തെ പാരമ്പര്യ നാടൻ കലാരംഗത്ത് പ്രവർത്തിക്കുന്ന, ഇത് ഉപജീവന മാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള വലിയൊരു വിഭാഗം ആളുകളെ കണക്കിലെടുത്ത് അവർക്കുവേണ്ടി ഒരു ക്ഷേമനിധി രൂപീകരിക്കണമെന്നുള്ള സദുദ്ദേശമാണ് ബഹുമാനപ്പെട്ട മെമ്പറുടെ ഈ ബില്ലിലുള്ളത് എന്ന കാര്യം ഞാൻ വിസ്മരിക്കുന്നില്ല. നാടൻ പാട്ട്, കളമെഴുത്ത്, ചിത്രമെഴുത്ത്, ഓട്ടൻതുള്ളൽ, മിമിക്രി, സിനിമാറ്റിക് ഡാൻസ് വരെയുള്ള പല കലാരൂപങ്ങൾ ജീവിത ഉപാധിയായി സ്വീകരിച്ചിട്ടുള്ളവർ ഇന്ന് നമ്മുടെ സംസ്ഥാനത്ത് ധാരാളം ഉണ്ട് എന്ന് നമുക്കെല്ലാവർക്കുമറിയാം. ഇവർക്കായി ഒരു ക്ഷേമനിധി ഏർപ്പെടുത്തുന്നതിന് പ്രതിബന്ധമായി നിൽക്കുന്ന രണ്ട് കാര്യങ്ങളുണ്ട്. മറ്റ് തൊഴിലാളികളുടെ ക്ഷേമനിധിപോലെ തൊഴിൽദായകരിൽനിന്നും തൊഴിലാളികളിൽനിന്നും ഒരു നിശ്ചിതതുക പ്രതിമാസം ഇതിന് ഈടാക്കാൻ സാധിക്കുകയില്ല. കാരണം മിക്കവാറും തൊഴിൽ ഉടമയും തൊഴിലാളിയും ഒരാൾ തന്നെയായിരിക്കും എന്നുള്ളതാണ് ഇതിന്റെ ഒരു ന്യൂനത. അതുമാത്രമല്ല, ഇവരെയെല്ലാം ഒരു ഓർഗനൈസ്ഡ് വിഭാഗമായിട്ട് നമുക്ക് കണക്കാക്കാൻ സാധിക്കുകയില്ല. വ്യക്തിപരമായിട്ടുള്ള ഒരു തൊഴിലാണ്. ഇങ്ങനെയാണെങ്കിലും ഇത്തരത്തിലുള്ള കലാകാരന്മാരെ ഉദ്ദേശിച്ച് ഇപ്പോൾ നമ്മുടെ സാംസ്കാരിക വകുപ്പിന്റെ കീഴിൽ തന്നെ ചില പരിപാടികളുണ്ട്. സാംസ്കാരിക വകുപ്പിൽ സാമ്പത്തിക പ്രയാസങ്ങൾ ഉണ്ടെങ്കിലും അവശ കലാകാരന്മാർക്ക് ധനസഹായം നൽകുന്നതിനുള്ള ഒരു പദ്ധതി ഇപ്പോൾ നിലവിലുണ്ട്. സംസ്ഥാന കലാകാര പെൻഷൻ പദ്ധതി എന്ന പദ്ധതിക്കുപുറമെ അശരണർക്കും രോഗബാധിതരായ കലാ സാംസ്കാരിക പ്രവർത്തകർക്കും സിനിമാ, ടിവി. സീരിയൽ കലാകാരൻമാർക്കും അടിയന്തിര ചികിൽസാ സഹായം നൽകുന്ന ഒരു പദ്ധതിയും

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ നിലവിലുണ്ട്. ഈ പദ്ധതിയും ചട്ടങ്ങളനുസരിച്ച് സംഗീതം, നൃത്തം, കഥകളി, കേരളീയ ക്ഷേത്ര കലകൾ, നാടകം, കഥാപ്രസംഗം, ഹരികഥ, ചിത്രകഥ, ശില്പകല, പൂരക്കളി, ബാന്റുവാദ്യം, നാടൻ കലകൾ എന്നിങ്ങനെയുള്ള കലാരംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള കലാകാരന്മാർക്ക് ചട്ടങ്ങൾക്കു വിധേയമായി പെൻഷനുവേണ്ടിയും ചികിൽസാ സഹായത്തിനുവേണ്ടിയും ഇപ്പോൾ അപേക്ഷിക്കാവുന്നതാണ്. ഇതിനുപുറമെ 2004-05-ലേക്കുള്ള ബഡ്ജറ്റിൽ അവശ കലാകാരൻമാർക്ക് സഹായത്തിനായി 25 ലക്ഷം രൂപ ധനകാര്യമന്ത്രി വകയിരുത്തിയിട്ടുണ്ട്. അതിനുള്ള നടപടിക്രമങ്ങളും ആരംഭിച്ചിട്ടുണ്ട്. ഇത്തരം ഒരു സാഹചര്യത്തിൽ ശ്രീ. കെ. രാധാകൃഷ്ണൻ നോട്ടീസ് നൽകിയിട്ടുള്ള ബില്ലിന് പ്രത്യേക പ്രസക്തിയില്ലാത്തതുകൊണ്ടാണ് വളരെ സദുദ്ദേശപരമായ ഈ ആശയത്തെ എതിർക്കേണ്ടിവന്നത്.

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി വളരെ വിഷമത്തോടുകൂടിയാണ് ഈ ബില്ലിനെ എതിർക്കുന്നത് എന്നുപറഞ്ഞു. അദ്ദേഹത്തിന് വിഷമമുണ്ടായതിൽ ഞാൻ സന്തോഷിക്കുകയാണ്. ഞാൻ മെമ്പറായ ശേഷം ആദ്യമായിട്ടാണ് ഇങ്ങനെ ഒരു ബില്ല് കൊണ്ടുവരുന്നത്. ഇതുവരെ സ്വകാര്യ ബില്ലുകളൊന്നും കൊണ്ടുവന്നിട്ടില്ല. ആദ്യമായിട്ട് ഒരു ബില്ല് കൊണ്ടുവന്നപ്പോൾ അതിനെ വിഷമത്തോടുകൂടി തള്ളിക്കളയുകയാണ് ചെയ്തത്.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ) : എനിക്ക് വിഷമം കൂടാൻ കാരണം വളരെ പ്രസക്തമായി മാത്രം പ്രതിപക്ഷത്തുനിന്നും പ്രസംഗിക്കുകയും മാന്യമായി പാർലമെന്ററി പ്രവർത്തനം നടത്തുകയും ചെയ്യുന്ന യോഗ്യനായ, അവിവാഹിതനായ ഒരു മെമ്പർ സദുദ്ദേശത്തോടുകൂടി ഒരു ബിൽ കൊണ്ടുവരുമ്പോൾ അതിനെ എതിർത്തതിലുള്ള വിഷമമാണ്.

ശ്രീ. കെ. രാധാകൃഷ്ണൻ : എന്നിട്ടും അതിനോട് കരുണ കാണിച്ചില്ല. ഞാൻ ഈ ബിൽ കൊണ്ടുവരാൻ പ്രധാനപ്പെട്ട കാരണം ഞാൻ ഈയടുത്ത് അഞ്ചാറു മാസം മുമ്പ്, അവശ കലാകാരന്മാരെ ആദരിക്കുന്ന ഒരു ചടങ്ങിൽ പങ്കെടുത്തു. അവശ കലാകാരന്മാരെ പൊന്നാട അണിയിക്കുന്ന ഒരു പരിപാടിയുണ്ടായിരുന്നു. പൊന്നാട അണിയിച്ചശേഷം ഏറ്റവും പാവപ്പെട്ട ഒരു കലാകാരൻ പൊന്നാട സ്വീകരിച്ചുകൊണ്ട് പറഞ്ഞ ഒരു കാര്യമുണ്ട്. അദ്ദേഹം പറഞ്ഞത് ഈ പൊന്നാട തന്നതിന് പകരം പൈസ തരികയാണെങ്കിൽ റേഷനരി മേടിക്കാമായിരുന്നു. അതുകൊണ്ടാണ് ഞാൻ ഈ ബിൽ കൊണ്ടുവരാൻ നിർബന്ധിതമായത്. അല്ലാതെ വേറൊന്നുമല്ല. അത്രയേറെ അവശത അനുഭവിക്കുന്നവരാണ് പാരമ്പര്യകലാരംഗത്ത് പ്രവർത്തിക്കുന്ന ആളുകൾ. നമ്മുടെ കേരളത്തിൽ ഏകദേശം 5 ലക്ഷത്തിൽപരം പാരമ്പര്യ കലാരംഗത്ത് പ്രവർത്തിക്കുന്നവർ ഉണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്. കേരളം വിവിധ മേഖലയിലെ പണിയെടുക്കുന്ന ആളുകൾക്ക് ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്ന കാര്യത്തിൽ മാതൃകയാണെന്ന് പറയാതിരിക്കാൻ കഴിയുകയില്ല. 24 തരം ക്ഷേമപദ്ധതികൾ നമ്മുടെ കേരളത്തിലുണ്ട്. കർഷകത്തൊഴിലാളി, നിർമ്മാണത്തൊഴിലാളി, മൽസ്യത്തൊഴിലാളി, കശുവണ്ടി, കയർ, കൈത്തറി എന്നീ മേഖലകളിൽ പണിയെടുത്ത് അവശത അനുഭവിക്കുന്നവരെ രക്ഷിക്കാൻ വേണ്ടിയുള്ള

LIBRARY ARCHIVES Kerala Legislative Assembly

ക്ഷേമപദ്ധതികളും പെൻഷൻ പദ്ധതികളും നിലവിലുണ്ട്. എന്നാൽ പാരമ്പര്യ കലാരംഗത്ത് ജീവിതകാലം മുഴുവൻ പ്രവർത്തിച്ച് അവശരാകുന്ന സന്ദർഭത്തിൽ അവരെ സംരക്ഷിക്കാനുള്ള ഫലപ്രദമായ യാതൊരു പദ്ധതിയും ഇവിടെയില്ല. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി, അവർ അവശരാകുന്ന സമയത്ത് അവരെ സംരക്ഷിക്കാൻ വേണ്ടി ചില സഹായങ്ങൾ അവർക്ക് ചെയ്യുന്നതിന് ഇവിടെ വിവിധ പദ്ധതികളുണ്ടെന്ന്. അത് വളരെ നാമമാത്രമാണ്. നമ്മുടെ ബഹുമാനപ്പെട്ട സാംസ്കാരിക വകുപ്പു മന്ത്രിക്കറിയാം, വളരെ കുറച്ച് ആളുകൾക്കു മാത്രമാണ് പെൻഷൻ കൊടുക്കുന്നത്. വളരെ കുറച്ച് അവശ കലാകാരന്മാർക്കാണ് എന്തെങ്കിലും ചികിൽസാ ധനസഹായം കൊടുക്കുന്നത്. അങ്ങ് പറഞ്ഞു, 25 ലക്ഷം രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ടെന്ന്. 25 ലക്ഷം രൂപ എന്തിനു തികയും. അങ്ങയുടെ വകുപ്പിന് പൈസ കുറച്ച് കൂട്ടിയിട്ടുണ്ട്. അവശ കലാകാരന്മാർക്ക് കിട്ടിയിരിക്കുന്നത് 25 ലക്ഷം രൂപയാണ്. 5 ലക്ഷത്തോളം വരുന്ന അവശ കലാകാരന്മാരെ സഹായിക്കാൻ വേണ്ടിയാണ് ഈ തുക വച്ചിരിക്കുന്നത്. അതിനെ കുറ്റം പറയുകയല്ല. ഇത്രയും പൈസകൊണ്ട് എത്രപേരെ സഹായിക്കാൻ കഴിയും എന്ന്. അങ്ങ് പരിശോധിക്കണം. ഇവർക്ക് തൊഴിലുടമകളില്ല എന്നാണ് പറയുന്നത്. ശരിയാണ്. മറ്റ് പല മേഖലകളിലുള്ള ആളുകൾക്കും തൊഴിലുടമകളുണ്ട്. കർഷകത്തൊഴിലാളി ക്ഷേമനിധി കൊണ്ടുവന്ന സമയത്ത് തൊഴിലുടമകളിൽ നിന്ന് അംശദായം സ്വീകരിക്കാൻ വേണ്ടിയുള്ള നിയമം അതിലുണ്ടായിരുന്നു. അത് ഫലപ്രദമായിട്ട് നാളിതുവരെയായിട്ടും നമുക്ക് നടത്താൻ കഴിഞ്ഞിട്ടില്ല. എന്നാലും ആ ക്ഷേമനിധി നിലവിലുണ്ട്. തൊഴിലുടമകൾ അംശദായം തരുന്നില്ല എങ്കിൽപ്പോലും ഈ പാവപ്പെട്ട കലാകാരന്മാരിൽനിന്ന് ഒരു വിഹിതം പിരിച്ചെടുക്കുകയും അതിന് ആനുപാതികമായി നമ്മുടെ സംസ്ഥാന ഗവണ്മെന്റ് അംശദായം മുടക്കാൻ തയ്യാറാവുകയും ചെയ്യുകയാണെങ്കിൽ ഈ ക്ഷേമനിധി ഫലപ്രദമായി മുന്നോട്ട് കൊണ്ടുപോകാൻ കഴിയും. അവശ കലാകാരന്മാരുടെ ജീവിത പ്രയാസങ്ങളെ സംബന്ധിച്ചും, ദുരിതങ്ങളെ സംബന്ധിച്ചും ഞാൻ ദീർഘമായി സംസാരിക്കുന്നില്ല. അങ്ങേക്കൊക്കെ അറിയാം. അങ്ങയുടെ നാട്ടിലൊക്കെ അവശ കലാകാരന്മാരൊക്കെ ഉള്ളതാണ്. അവരുടെ സ്ഥിതി വളരെ ദയനീയമാണ്. സീസണിൽ കിട്ടുന്ന എന്തെങ്കിലും ജോലി കൊണ്ടു മാത്രമാണ് അവർ ഉപജീവനം നയിക്കുന്നത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : 2001 മേയ് മുതലല്ലല്ലോ കേരളത്തിൽ അവശ കലാകാരന്മാരുടെ തുടക്കമുണ്ടായത്. അവശ കലാകാരന്മാർ ദീർഘനാളുകളായി വിഷമത്തിലിരിക്കുകയാണ്. ഗസൽ വിദഗ്ദ്ധന്മാർക്ക് പന്ത്രണ്ടുലക്ഷം രൂപയും നമ്മുടെ സെക്രട്ടേറിയറ്റിന്റെ പടിക്കൽ എന്തോ ഒരു കലാപീഠം ഉണ്ടാക്കുന്നതിനുവേണ്ടി 42 ലക്ഷം രൂപയും മുടക്കിയതും അങ്ങ് കൂടി അംഗമായിരുന്ന മന്ത്രിസഭയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണെന്നുള്ളത് വിസ്മരിക്കരുത്. അന്ന് അവശ കലാകാരന്മാരെക്കുറിച്ച് അറിയാത്തവർ രാഷ്ട്രീയ അവശത ഉണ്ടായപ്പോൾ മാത്രം, ഈ കലാകാരന്മാരുടെ അവശതയെക്കുറിച്ച് ഉയർത്തിപ്പറയുന്നത് ഓർഡറിലാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാധാകൃഷ്ണൻ : എനിക്ക് വളരെ സ്നേഹവും ബഹുമാനവും ഉള്ള ആളാണ് തിരുവഞ്ചൂർ. ഞങ്ങളുടെ പേരുപോലും ഒരുപോലെയാണ്. പക്ഷെ, എല്ലാ കാര്യങ്ങളിലും ഉടക്കേ കാണൂ. ഇങ്ങനെ എല്ലാ കാര്യങ്ങളിലും ഉടക്കു കാണുന്ന സ്ഥിതി മാറ്റണം. നിങ്ങൾ തന്നെ പറയുന്നത് വിശാലമായി ചിന്തിക്കണം, മൈന്റ് സെറ്റ് മാറ്റണം എന്നൊക്കെയാണ്. ഇങ്ങനെയൊക്കെ പറയുന്ന ആളുകൾ മൈന്റ് സെറ്റൊന്നും മാറ്റുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങ് ഇന്ന് കൺക്ലൂഡ് ചെയ്യുന്നുണ്ടോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : ഇല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : You can continue next time.

(ചർച്ച തുടരും)

(8) 2003-ലെ കേരള ലാന്റ് കമ്മീഷൻ ഏജന്റ്സ് ക്ഷേമനിധി ബിൽ

ശ്രീ. എ. കെ. മണി : സർ, 2003-ലെ കേരള ലാന്റ് കമ്മീഷൻ ഏജന്റ്സ് ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): കേരള ലാന്റ് കമ്മീഷൻ ഏജന്റുമാരായി പണിയെടുക്കുന്നവർക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്ന കാര്യമാണ് ബഹുമാനപ്പെട്ട മെമ്പർ ഈ ബില്ലിൽ ആവശ്യപ്പെടുന്നത്. എന്നാൽ ഈ ക്ഷേമനിധി ഏർപ്പെടുത്തേണ്ടവിധം, അതിൽ അത്രയും വ്യാപകമായി ഈ രംഗത്ത് പ്രവർത്തിക്കുന്നവരുണ്ടോ എന്നതിന് വ്യക്തമായ കണക്കുകളൊന്നും ലഭ്യമല്ല. മാത്രമല്ല, ഇത്തരം ഒരു ക്ഷേമനിധിയിൽ നിന്ന് ലഭിക്കാനിടയുള്ള നാമമാത്രമായ അംശദായം കൊണ്ട് ഒരു ക്ഷേമനിധി നടപ്പിലാക്കാൻ കഴിയുമോ എന്നുള്ള കാര്യവും സംശയമാണ്. വളരെ പരിമിതമായ പ്രയോജനമേ സിദ്ധിക്കുവെങ്കിലും ഇത്തരം പദ്ധതികൾക്ക് പ്രാരംഭ ചെലവിനായി പത്തു ലക്ഷത്തിലേറെ രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഇപ്പോൾ ക്ഷേമപദ്ധതികളൊന്നും ബാധകമായിട്ട് ഇല്ലാത്ത ഈ മേഖലയിലുള്ളവർക്ക് നിലവിലുള്ള കേരള കൈത്തൊഴിലാളി വിദഗ്ദ്ധതൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗമായി അതിന്റെ പ്രയോജനം നേടാവുന്നതേയുള്ളൂ. ഈ പശ്ചാത്തലത്തിൽ ഈ ബില്ലിന് പ്രസക്തിയില്ലാത്തതുകൊണ്ട് ഞാനിതിനെ എതിർക്കുന്നു.

ശ്രീ. എ. കെ. മണി : ഇങ്ങനെ പറഞ്ഞതിൽ വളരെ ബുദ്ധിമുട്ടുണ്ട്. ഒരു ക്ഷേമനിധി ബിൽ അവതരിപ്പിച്ചപ്പോൾ പെട്ടെന്ന് അത് സ്വീകരിക്കാൻ പറ്റുകയില്ല എന്നു പറയുന്നത് മോശമായിപ്പോയി. അങ്ങയുടെ വംശനേതാവല്ലേ കാമരാജൻ നാടാർ. അദ്ദേഹം പറഞ്ഞത് പിന്നാലെ പാർക്കലാം എന്നാണ്. അങ്ങനെയെങ്കിലും പറയണ്ടേ? തീർത്തും പറ്റുകയില്ല എന്നു പറയുന്നത് ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly